A3/53/2024-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ആറാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.190/2025/CLAD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-
1. സ.ഉ. (സാധാ) നം.232/2024/CLAD തീയതി 08/05/2024.
2. സ.ഉ. (സാധാ) നം.419/2024/CLAD തീയതി 31/07/2024.
3. സ.ഉ. (സാധാ) നം.630/2024/CLAD തീയതി 29/10/2024.
4. സ.ഉ. (സാധാ) നം.698/2024/CLAD തീയതി 07.12.2024.
5. സ.ഉ.(സാധാ) നം.88/2025/CLAD തീയതി 25.02.2025.
6. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 15.03.2025 തീയതിയിലെ കെ.എസ്.സി.എ./എഫ്/810/2023 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ "2205-00-102-66-31-(Salary-NP) " എന്ന ശീർഷകത്തിൽ 1,05,14,000/- രൂപയും "2205-00-102-66-36-(Non Salary-NP) " എന്ന ശീർഷകത്തിൽ 2,13,15,000/- രൂപയും ചേർത്ത് ആകെ 3,18,29,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (1) (2) (3) (4) (5) എന്നിവ പ്രകാരം യഥാക്രമം ആദ്യ ഗഡുവായി 63,65,000/- രൂപയും (അറുപത്തിമൂന്ന് ലക്ഷത്തി അറുപത്തയ്യായിരം രൂപ മാത്രം) രണ്ടാം ഗഡുവായി 69,00,000/- രൂപയും (അറുപത്തൊൻപത് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി 42,40,000/- രൂപയും (നാൽപത്തി രണ്ട് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) നാലാം ഗഡുവായി 11,58,000/- രൂപയും (പതിനൊന്ന് ലക്ഷത്തി അമ്പത്തി എട്ടായിരം രൂപ മാത്രം) അഞ്ചാം ഗഡുവായി 47,81,800/- രൂപയും (നാല്പത്തി ഏഴ് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പരാമർശം (6) പ്രകാരം ആറാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം "2205-00-102-66-31-(Salary-NV) " എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,05,14,000/- രൂപയിൽ നിന്നും 13,00,000/- (പതിമൂന്ന് ലക്ഷം രൂപ മാത്രം) ആറാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക 04/01/2021-ലെ സർക്കുലർ നമ്പർ 1/2021/Fin-ലെ നിബന്ധന പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799011400007093 എന്ന എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം.
ഡയറക്ടർ, സാസ്കാരിക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ധനകാര്യ വകുപ്പ് (2778317/ EDN-C5/23/2024-FIN dated 25.03.2025)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 26-03-2025 11:44:05
സെക്ഷൻ ഓഫീസർ